2023
APRIL
08
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ







## പലിശനിരക്ക് മാറ്റാതെ ആർബിഐ

**ന്യൂഡൽഹി:** വായ്പയെടുത്തവർക്ക് ആശ്വാസം; പലിശ നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് പണനയസമിതി. റീപ്പോ 6.5% ആയി തുടരും. ഇതോടെ ഭവന, വാഹന, വ്യക്തിഗത വായ്പകളുടെ പലിശ നിരക്കിൽ മാറ്റമുണ്ടാകില്ല. തുടർച്ചയായി ആറു വട്ടം പലിശ വർധിപ്പിച്ച ശേഷമാണ് ഇത്തവണ നിരക്കു വർധനയ്ക്ക് ആർബിഐ ഇടവേള എടുത്തിരിക്കുന്നത്. 0.25% കൂട്ടുമെന്ന് അഭ്യൂഹമുണ്ടായിരുന്നു. സാഹചര്യങ്ങൾ മാറുന്നതനുസരിച്ച് വീണ്ടും നിരക്ക് കൂടാമെന്ന വ്യക്തമായ മുന്നറിയിപ്പും റിസർവ് ബാങ്ക് നൽകി.

പലിശനിരക്ക് വർധനയിലെ ഇടവേള സ്ഥിരമല്ലെന്നും വിലക്കയറ്റഭീഷണിക്കെതിരെയുള്ള യുദ്ധം തുടർന്നേ മതിയാകൂ എന്നും റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് വ്യക്തമാക്കി. 6 തവണയായി വർധിപ്പിച്ച പലിശനിരക്കിന്റെ സ്വാധീനം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കുന്നതിനും ഇടവേള അനിവാര്യമാണെന്ന് ആർബിഐ വ്യക്തമാക്കി. പണനയസമിതിയിലെ 6 അംഗങ്ങളും ഏകകണ്ഠമായാണ് തീരുമാനമെടുത്തത്. ആർബിഐ വാണിജ്യ ബാങ്കുകൾക്ക് നൽകുന്ന ഹ്രസ്വകാല വായ്പയുടെ പലിശനിരക്കായ റീപ്പോയിൽ 2022 മേയ് 4 മുതൽ 6 തവണയായുണ്ടായ വർധന 2.5% ആണ്. വിപണിയിലെ പണലഭ്യത കുറച്ച് വിലക്കയറ്റത്തോത് (നാണ്യപ്പെരുപ്പം) വരുതിയാലാക്കാനാണ് പലിശനിരക്ക് ഉയർത്തുന്നത്.

നടപ്പുസാമ്പത്തിക വർഷത്തിലെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ച സംബന്ധിച്ച അനുമാനം റിസർവ് ബാങ്ക് ഉയർത്തി. 6.4 ശതമാനമാണ് ഫെബ്രുവരിയിലെ പണനയസമിതി യോഗത്തിൽ പറഞ്ഞിരുന്നതെങ്കിൽ ഇത്തവണ 6.5 ശതമാനമായി ഉയർത്തി. ലോക ബാങ്ക് അടക്കം ഇന്ത്യയുടെ വളർച്ചാ അനുമാനം താഴ്ത്തിയപ്പോഴാണ് ആർബിഐ ഇത് ഉയർത്തുന്നത്. 6.6% ആയിരുന്ന ഡിസംബറിലെ ലോക ബാങ്ക് അനുമാനം 6.3% ആക്കിയത് കഴിഞ്ഞ ദിവസമാണ്.

നാണ്യപ്പെരുപ്പം ഇക്കൊല്ലം 5.2% ആയി കുറയുമെന്നാണ് അനുമാനം. 4 ശതമാനമാണ് റിസർവ് ബാങ്കിന്റെ ലക്ഷ്യമെന്നതിനാൽ ഭാവിയിൽ പലിശ വർധന തള്ളിക്കളയാനാവില്ല.

## ഒരു പവൻ ആഭരണത്തിന് അര ലക്ഷം രൂപ

**ന്യൂഡൽഹി:** രാജ്യാന്തര വിപണിയിൽ സ്വർണവിലയിൽ നേരിയ തിരുത്തലുകളുണ്ടായപ്പോൾ വൻകിട നിക്ഷേപകരും വിവിധ രാജ്യങ്ങളുടെ കേന്ദ്രബാങ്കുകളും സ്വർണം വാങ്ങിക്കൂട്ടിയതോടെ ഡിമാൻഡ് ഉയർന്നതു വില കുതിക്കാനിടയാക്കി. ഡോളറുമായുള്ള രൂപയുടെ വിനിമയ നിരക്ക് 82 നു മുകളിൽ തുടരുന്നതും സ്വർണവില വില ഉയരാൻ കാരണമാണ്. ഒരു ട്രോയ് ഔൺസ് സ്വർണത്തിന്റെ (31.1 ഗ്രാം) വില 2030 ഡോളറായി ഉയർന്നു. ദേശീയ ബുള്യൻ വിപണിയിൽ 10 ഗ്രാമിന്റെ വിലയും റെക്കോർഡ് മറികടന്നു. വ്യാപാരത്തിനിടെ വില 61080 രൂപയിലെത്തി. വെള്ളി വില കിലോഗ്രാമിന് 1810 രൂപ കൂടി 73,950 രൂപയായി.



കേരളത്തിൽ ഇപ്പോഴത്തെ വിലയ്ക്ക് ഒരു പവന്റെ ആഭരണം വാങ്ങാൻ ഏതാണ്ട് 49,000 രൂപ നൽകണം. ഒരു ലക്ഷം രൂപയ്ക്കു ലഭിക്കുക രണ്ടു പവന്റെ സ്വർണാഭരണവും. മികച്ച ഡിസൈനർ ആഭരണങ്ങൾക്കു ഉയർന്ന പണിക്കൂലിയായതിനാൽ തുക ഇതിലും കൂടും.

# കേരളത്തിലെ ഐടി രംഗത്തും പിരിച്ചുവിടൽ

**തിരുവനന്തപുരം:** സാമ്പത്തിക മാന്ദ്യ ഭീഷണിയെത്തുടർന്ന് ടെക്നോപാർക്കിലെ ഏതാനും കമ്പനികളിലെ ജീവനക്കാർ തൊഴിൽ പ്രതിസന്ധി നേരിട്ടേക്കും. ചില കമ്പനികൾ ഇവിടെ പ്രവർത്തനം അവസാനിപ്പിക്കാൻ ആലോചിക്കുന്നു. പ്രമുഖ ഐടി കമ്പനിയായ മക്കിൻസി 250 ജീവനക്കാരോട് രാജി ആവശ്യപ്പെട്ടു. ഈ മാസം അവസാനത്തോടെ ഇവർ ടെക്നോപാർക്കിലെ പ്രവർത്തനം അവസാനിപ്പിക്കുമെന്നും സൂചനയുണ്ട്. രാജി വയ്ക്കാൻ ജീവനക്കാർക്ക് ആറു മാസത്തെ സമയം നൽകി. ഏതാനും പേരെ കേരളത്തിനു പുറത്തേക്കു മാറ്റാനും ആലോചിക്കുന്നു. ഇന്ത്യയിൽ തൽക്കാലം കേരളത്തിൽ മാത്രമാണ് പ്രവർത്തനം അവസാനിപ്പിക്കുന്നത്. മധ്യനിരയിലും ഉയർന്ന തലത്തിലും പ്രവർത്തിക്കുന്ന മികച്ച പ്രതിഫലം കൈപ്പറ്റുന്ന പ്രഫഷനലുകളോടാണ് രാജി ആവശ്യപ്പെട്ടത്.




കോവിഡ് കാലത്ത് മികച്ച ഐടി പ്രഫഷനലുകൾക്കു ക്ഷാമം നേരിട്ടതോടെ ഉയർന്ന ശമ്പളത്തിൽ കമ്പനികൾ ജീവനക്കാരെ റിക്രൂട്ട് ചെയ്തിരുന്നു. കോവിഡാനന്തരം സാമ്പത്തിക മാന്ദ്യ ഭീഷണി കൂടി എത്തിയതോടെയാണ് പിരിച്ചുവിടലും പ്രവർത്തനം അവസാനിപ്പിക്കലും. 30,40 പ്രായപരിധിയിൽപ്പെട്ടവർക്കാണ് പിരിച്ചുവിടൽ സാധ്യതയേറെ. ടെക്നോപാർക്ക് ഫെയ്സ് 3 ൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കാനുള്ള ശ്രമത്തിലാണ്. ആയിരത്തോളം പേർക്ക് തൊഴിൽ ഭീഷണിയുണ്ട്. നിലവിൽ 70,000 പേരാണ് 480 കമ്പനികളിലായി ഇവിടെ ജോലി ചെയ്യുന്നത്.

ചെറിയ കമ്പനികളെ വലിയ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതും, പ്രോജക്ടുകളുടെ സ്വഭാവം മാറുന്നതും, ജീവനക്കാരുടെ കരാർ വ്യവസ്ഥകളിലുണ്ടായ മാറ്റങ്ങളുമാണ് തൊഴിൽ നഷ്ടത്തിന് കാരണമാകുന്നതെന്ന് ടെക്നോപാർക്ക് മാനേജ്മെന്റ് വിലയിരുത്തുന്നു. രാജ്യാന്തര തലത്തിൽ വൻകിട കമ്പനികളിൽ പിരിച്ചുവിടൽ വ്യാപകമാണ്.

## വായ്പാ വിവരം പുതുക്കിയില്ലെങ്കിൽ നഷ്ടപരിഹാരം; ചട്ടം ഉടൻ

**ന്യൂഡൽഹി:** സിബിൽ (ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ) പോലെയുള്ള സംവിധാനങ്ങളിൽ വായ്പ സംബന്ധമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനു ധനകാര്യ സ്ഥാപനങ്ങൾ കാലതാമസം വരുത്തിയാൽ ഉപയോക്താവിനു നഷ്ടപരിഹാരം നൽകേണ്ടി വരും. ഇതുസംബന്ധിച്ച ചട്ടം റിസർവ് ബാങ്ക് ഉടൻ പുറത്തിറക്കും. വായ്പയ്ക്കോ ക്രെഡിറ്റ് കാർഡിനോ വേണ്ടി അപേക്ഷിക്കുമ്പോൾ തൊഴിലിനും വരുമാനത്തിനും പുറമേ വിലയിരുത്തപ്പെടുന്ന സുപ്രധാന ഘടകമാണ് സിബിൽ സ്കോർ. വായ്പ പൂർണമായും അടച്ചുകഴിഞ്ഞിട്ടും ഇക്കാര്യം ബാങ്കുകൾ സിബിൽ പോലെയുള്ള ഏജൻസികളെ അറിയിക്കാത്തതിനെതിരെ കോടതികളിൽ ഒട്ടേറെ കേസുകളുണ്ട്.

## അവകാശികളില്ലാത്ത പണം: വിവരങ്ങളുമായി കേന്ദ്ര പോർട്ടൽ

**ന്യൂഡൽഹി:** അവകാശികളില്ലാതെ 10 വർഷത്തിലേറെയായ ബാങ്ക് നിക്ഷേപങ്ങൾ സംബന്ധിച്ച് വിവരങ്ങൾ കണ്ടെത്താനായി റിസർവ് ബാങ്ക് കേന്ദ്രീകൃത പോർട്ടൽ തുടങ്ങും. വിവിധ ബാങ്കുകളിലെ ഇത്തരം നിക്ഷേപങ്ങൾ റിസർവ് ബാങ്കിന്റെ ഡിപ്പോസിറ്റർ എജ്യുക്കേഷൻ ആൻഡ് അവയർനെസ് ഫണ്ടിലേക്കാണ് മാറ്റാറുള്ളത്.എങ്കിലും ഈ പണം അവകാശികൾക്ക് ക്ലെയിം ചെയ്യാൻ അവസരമുണ്ട്. ഓരോ ബാങ്കുകളും ഇത്തരം അക്കൗണ്ടുകൾ അവരവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് പകരമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്(എഐ) അടിസ്ഥാനമാക്കിയുള്ള പുതിയ പോർട്ടൽ. ഒരാൾക്ക് എല്ലാ ബാങ്കുകളിലുമുള്ള നിക്ഷേപങ്ങളെക്കുറിച്ച് ഇതുവഴി അറിയാനാകും.



# റീസർവേ നടപടികൾ മുടങ്ങി; തീർപ്പാകാതെ 15000 പരാതികൾ

**കാർഷിക മേഖലയിലെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾക്ക് സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാൻ കഴിയാതെ ആനുകൂല്യം നഷ്ടപ്പെട്ടവരും നൂറുകണക്കിനുണ്ട്. കൂടുതൽ സർവേയർമാരെ നിയമിച്ച് റീസർവേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുമെന്ന് അധികൃതർ നൽകിയിരുന്ന ഉറപ്പും നടപ്പിലായില്ല.**

**വെഞ്ഞാറമൂട്:** ഭൂമിയുടെ റീസർവേ നടപടികൾ മുടങ്ങി. സ്വന്തം ഭൂമി വിൽക്കുന്നതിനോ മക്കൾക്ക് എഴുതി നൽകുന്നതിനോ കഴിയാതെ നാട്ടുകാർ വലയുന്നു. ആയിരക്കണക്കിനു പേരുടെ അപേക്ഷകൾ താലൂക്ക് ഓഫിസിൽ കെട്ടിക്കിടക്കുന്നു. വിദ്യാഭ്യാസ വായ്പകൾക്ക് ഭൂമിയുടെ കരം അടച്ച രസീത് സമർപ്പിക്കാൻ കഴിയാതെ ഉപരി പഠനം തടസ്സപ്പെട്ട വിദ്യാർഥികളും ഉണ്ട്.

കാർഷിക മേഖലയിലെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾക്ക് സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാൻ കഴിയാതെ ആനുകൂല്യം നഷ്ടപ്പെട്ടവരും നൂറുകണക്കിനുണ്ട്.വാമനപുരം മണ്ഡലത്തിൽ 11 വില്ലേജുകളിൽ വർഷങ്ങൾക്ക് മുൻപ് റീസർവേ നടപടികൾ നടപ്പിലാക്കി. എല്ലാ പുരയിടങ്ങളിലും ഭൂമിയുടെ വിസ്തീർണം, പേര്, സ്വഭാവം തുടങ്ങിയവ സംബന്ധിച്ച് എന്തെങ്കിലും പിഴവുകൾ ഉണ്ടെന്ന് അധികൃതർ പറയുന്നു. രേഖകളിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങളും റീസർവേ രേഖകളും തമ്മിൽ വ്യത്യാസമുണ്ടെന്നു അധികൃതർ പറയുന്നു.

ഇത് തിരുത്തി വാങ്ങുന്നതിന് ഉടമകൾ അപേക്ഷകൾ നൽകിയിട്ടുണ്ട്. വാമനപുരം, കല്ലറ, പാങ്ങോട് വില്ലേജുകളിലായി നിലവിൽ 23,000ൽ അധികം പരാതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 15000 പരാതികൾ ഇനിയും തീർപ്പാകാതെ കിടക്കുന്നു.ഏറ്റവും കൂടുതൽ പരാതികൾ തീർപ്പാകാനുള്ളത് റീസർവേ നടപ്പിലാക്കിയ വാമനപുരം, കല്ലറ, പാങ്ങോട് വില്ലേജുകളിലാണ്. 2 വർഷം മുൻപ് നടപ്പിലാക്കിയ പാങ്ങോട് വില്ലേജിൽ 6000 പരാതികളും, കല്ലറ വില്ലേജിൽ 2250 പരാതികളും, ഈ വർഷം നടപ്പിലാക്കിയ വാമനപുരം വില്ലേജിൽ 6500 പരാതികളും തീർപ്പാക്കാനുണ്ട്.



ഭൂമിയുടെ ഉടമസ്ഥർ നൽകിയ പരാതികൾ താലൂക്ക് അധികൃതർ പരിശോധിച്ച് നടപടി സ്വീകരിക്കാൻ താലൂക്ക് സർവേയർക്ക് കൈമാറും. ഇദ്ദേഹം ഉടമസ്ഥരെ വിളിച്ച് രേഖകൾ പരിശോധിച്ച് പരാതിക്കാരന്റെ വസ്തു അളന്നു തിട്ടപ്പെടുത്തി രേഖപ്പെടുത്തുന്നതിന് സർവേയർമാരെ നിയോഗിക്കും. ഇവർ സ്ഥലത്തെത്തി ഭൂമി അളന്ന് അടയാളപ്പെടുത്തലുകൾ നടത്തി താലൂക്കിൽ സമർപ്പിക്കുന്നതോടെ പരാതിക്കാരന് പുതിയ റീസർവേ നമ്പർ ലഭിക്കും.

കൂടുതൽ സർവേയർമാരെ നിയമിച്ച് റീസർവേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുമെന്ന് അധികൃതർ നൽകിയിരുന്ന ഉറപ്പും നടപ്പിലായില്ല. പരാതി പരിഹാരത്തിനു മതിയായ തോതിൽ സർവേയർമാർ ഇല്ലാത്തതാണ് നിശ്ചിത സമയത്ത് നടപടിയെടുക്കാൻ കഴിയാത്തത് എന്ന് റവന്യു അധികൃതർ പറയുന്നു.

വാമനപുരം, കല്ലറ, പാങ്ങോട് പഞ്ചായത്തുകളിൽ റീസർവേ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി വേണം എന്നാവശ്യപ്പെട്ട് ഡി.കെ. മുരളി എംഎൽഎ ഡിസംബറിൽ നടന്ന നിയമ സഭാ സമ്മേളനത്തിൽ സബ്മിഷൻ അവതരിപ്പിച്ചിരുന്നു. കൂടുതൽ പരാതികളുള്ള വാമനപുരം, പാങ്ങോട് വില്ലേജുകളിൽ നിലവിലുള്ള പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക അദാലത്ത് നടത്തി നടപടി സ്വീകരിക്കാമെന്ന് വകുപ്പ് മന്ത്രി ഉറപ്പു നൽകിയെങ്കിലും നടപടിയായില്ല.

## ദേശീയ പഞ്ചായത്ത് അവാർഡിൽ തിളങ്ങി കേരളം, നാല് പുരസ്കാരം സ്വന്തമാക്കി

**തിരുവനന്തപുരം:** 2023ലെ ദേശീയ പഞ്ചായത്ത് അവാർഡിൽ തിളക്കമാർന്ന നേട്ടവുമായി കേരളം. നാല് പ്രധാനപ്പെട്ട പുരസ്കാരങ്ങളാണ് സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വന്തമാക്കിയത്. കേന്ദ്രസർക്കാർ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ് ഡി ജി) പ്രകാരം ഒൻപത് സൂചികകളുടെ അടിസ്ഥാനത്തിലാണ് പുരസ്കാരത്തിനായി വിലയിരുത്തൽ നടത്തിയത്. രാജ്യത്തെ മികച്ച ശിശുസൗഹൃദ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടത് ആലപ്പുഴയിലെ ചെറുതന ഗ്രാമപഞ്ചായത്താണ്. സ്വയം പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ആലപ്പുഴയിലെ വീയപുരം ഗ്രാമപഞ്ചായത്ത് രാജ്യത്ത് ഒന്നാം സ്ഥാനത്തെത്തി. ജലപര്യാപ്തതയ്ക്ക് (ണമലേ്യ ടൗള്ളശരശലിേ) വേണ്ടി നടത്തിയ പ്രവർത്തനങ്ങൾക്ക് മലപ്പുറം പെരുമ്പടപ്പ ഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനം നേടി. സൽഭരണ വിഭാഗത്തിൽ തൃശൂർ അളഗപ്പ നഗർ പഞ്ചായത്ത് മൂന്നാം സ്ഥാനം സ്വന്തമാക്കി. പുരസ്കാരങ്ങൾ ഏപ്രിൽ 17 ന് ഡൽഹി വിഗ്യാൻ ഭവനിൽ നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യും.

പുരസ്കാരം നേടിയ എല്ലാ ഗ്രാമപഞ്ചായത്തുകളെയും തദ്ദേശ സ്വയം ഭരണഎക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് അഭിനന്ദിച്ചു. രാജ്യത്തെ പതിനായിരക്കണക്കിന് പഞ്ചായത്തുകളോട് മത്സരിച്ച് അഭിമാനകരമായ നേട്ടമാണ് നാല് പഞ്ചായത്തുകളും സ്വന്തമാക്കിയത്. കൂടുതൽ മികവാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഈ നേട്ടം പ്രചോദനമാകുമെന്നും മന്ത്രി പറഞ്ഞു.

## എന്റെ കേരളം പ്രദർശന വിപണനമേളയിൽ വിഷു വിപണിയുമായി കൃഷി വകുപ്പ്

ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഏപ്രിൽ ഒൻപത് മുതൽ 15 വരെ ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയത്ത് നടത്തുന്ന എന്റെ കേരളം പ്രദർശന വിപണന മേളയിൽ നാടൻ പച്ചക്കറികളുമായി കൃഷി വകുപ്പ് വിഷു വിപണി ഒരുക്കും. പാലക്കാട് നഗരസഭ കൃഷിഭവന്റെയും ഇക്കോ ഷോപ്പിന്റെയും ആഭിമുഖ്യത്തിലാണ് വിഷു വിപണി സംഘടിപ്പിക്കുന്നത്. കർഷകരിൽ നിന്നും സംഭരിക്കുന്ന ഗുണമേന്മയുള്ള പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, മൂല്യവർധിത ഉത്പന്നങ്ങൾ എന്നിവ ന്യായമായ വിലയിൽ വിഷു വിപണിയിൽ ലഭിക്കും. ഫാർമർ പ്രൊഡ്യൂസർ ഓർഗ്ഗനൈസേഷൻ മുഖേനയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനവും ഉണ്ടാകും.

## മാലിന്യം വലിച്ചെറിയൽ; 15,000 രൂപ പിഴ ഈടാക്കി

**പാലക്കാട്:** അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ പൊതുസ്ഥലത്ത് അലക്ഷ്യമായി മെഡിക്കൽ മാലിന്യം വലിച്ചെറിഞ്ഞ വ്യക്തിയിൽ നിന്നും 15,000 രൂപ പിഴ ഈടാക്കി. പഞ്ചായത്ത് മുമ്പ് നിശ്ചയിച്ച പ്രകാരം വിവരം തെളിവ് സഹിതം പഞ്ചായത്തിൽ വിവരം അറിയിച്ച വ്യക്തിക്ക് 5,000 രൂപ പാരിതോഷികം നൽകി. പൊതുഇടങ്ങളിലും മറ്റും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പിഴ അടക്കമുള്ള കടുത്ത ശിക്ഷ നടപടികൾ സ്വീകരിക്കുമെന്നും മാലിന്യം വലിച്ചെറിയുന്നത് തെളിവ് സഹിതം പഞ്ചായത്തിൽ അറിയിക്കുന്നവർക്ക് തുടർന്നും പാരിതോഷികം നൽകുമെന്നും സെക്രട്ടറി അറിയിച്ചു. മാലിന്യം ഹരിതകർമ്മസേനയ്ക്ക് നൽകി എല്ലാ പൊതുജനങ്ങളും പഞ്ചായത്തുമായി സഹകരിക്കണമെന്നും സെക്രട്ടറി അഭ്യർത്ഥിച്ചു.





# മുസാവരി ബംഗ്ലാവ് മുഖം മിനുക്കുന്നു

**പുനലൂർ:** ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള പൈതൃക സ്മാരകമായ പുനലൂർ പൊതുമരാമത്ത് അതിഥിമന്ദിരത്തിന്റെ (മുസാവരി ബംഗ്ലാവ്) അറ്റകുറ്റപ്പണികൾ തുടങ്ങി.കിഴക്കൻ മേഖലയുടെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ കവാടമായ പുനലൂരിൽ ബംഗ്ലാവ് മോടിപിടിപ്പിക്കുന്നത് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുമെന്നാണ് പ്രതീക്ഷ. അറ്റകുറ്റപ്പണിക്കായി പി. എസ്.സുപാൽ എംഎൽഎ ഇടപെടൽ നടത്തി മരാമത്തു വകുപ്പിൽനിന്ന് 24.6 ലക്ഷം രൂപ അനുവദിച്ചിരുന്നു.

ഇതിനോടു ചേർന്നുണ്ടായിരുന്ന മറ്റൊരു പഴയ കെട്ടിടം പൊളിച്ച് 4 വർഷം മുൻപ് പുതിയ മന്ദിരം നിർമിച്ച് അതിഥി മന്ദിരമാക്കി മാറ്റിയിരുന്നു. മുസാവരി ബംഗ്ലാവ് പൈതൃക സ്മാരകമെന്ന നിലയിൽ പൊളിക്കാതെ നിലനിർത്തുകയായിരുന്നു.തൂക്കുപാലത്തിന് സമീപം, കൊല്ലംതിരുമംഗലം ദേശീയ പാതയുടെ വശത്ത് പുനലൂർ ടിബി ജംക്ഷനിലാണ് ബംഗ്ലാവ്. തിരുവിതാംകൂറിലെ രാജഭരണ കാലത്ത് നിർമിച്ചതാണ് കെട്ടിടം. 145 വർഷം പഴക്കമുള്ള പുനലൂർ തൂക്കുപാലത്തിന്റെ നിർമാണ കാലയളവിൽത്തന്നെയാണ് ഈ ബംഗ്ലാവും നിർമിച്ചത്.

ചോർന്നൊലിക്കുന്ന മേൽക്കൂര ബലപ്പെടുത്തി നവീകരിക്കുന്ന ജോലികളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. മേൽക്കൂരയിൽ പാകിയിരുന്ന മുഴുവൻ ഓടുകളും ഇളക്കിമാറ്റി. ചോർച്ച ഉണ്ടാകാതിരിക്കാ ൻ അലൂമിനിയം ഷീറ്റ് വിരിച്ച് ഇതിനു മുകളിൽ ഓടുപാകാനാണ് പദ്ധതി. മരം കൊണ്ടുള്ള പഴയ തട്ടിനു പകരം പിവിസി കൊണ്ടുള്ള തട്ടൊരുക്കും. നേരത്തേ തടി കൊണ്ട് നിർമിച്ചിരുന്ന തട്ട് ഏതാണ്ട് മുഴുവനും ദ്രവിച്ച നിലയിലായിരുന്നു. ആറുമാസത്തിനുള്ളിൽ നവീകരണം പൂർത്തിയാകും.

# വേനൽ മഴ കനിഞ്ഞു; ജല സ്രോതസ്സുകൾ നിറഞ്ഞു



മണിമല: ജില്ലയിൽ വേനൽ മഴ 30% കൂടുതൽ; കിണറുകളും തോടുകളും ജല സമൃദ്ധിയിൽ. മാർച്ച് ഒന്നു മുതൽ ഇന്നലെ വരെ ജില്ലയിൽ ആകെ ലഭിച്ചത് 89.3 മില്ലിമീറ്റർ. ലഭിക്കേണ്ടിയിരുന്നത് 68.9 മില്ലിമീറ്ററാണ്. ബുധനാഴ്ച കാഞ്ഞിരപ്പള്ളിയിൽ ലഭിച്ചത് 19.6 മില്ലിമീറ്റർ മഴയാണ്. ഇതാണ് ജില്ലയിൽ കൂടുതൽ ലഭിച്ചത്. കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട ഭാഗങ്ങളിലാണ് ഇത്തവണ വേനൽ മഴ കൂടുതൽ ലഭിച്ചത്.

വേനൽ മഴ ശക്തമായതോടെ മണിമലയാറ്റിലും മീനച്ചിലാറ്റിലും വെള്ളം ഹൈഡ്രോളജി വകുപ്പിന്റെ സ്കെയിലിൽ മുകളിലായി. ആറുകളിൽ ഒഴുക്ക് വീണതോടെ മേഖലയിലെ കിണറുകളിലും ജല നിരപ്പ് ഉയർന്നു.

മഴ തുടർച്ചയായി പെയ്യുന്നത് റബറിന്റെ സ്വാഭാവിക ഇല പൊഴിച്ചിലിനു ശേഷം വന്ന ഇലകളെ മൂപ്പെത്താൻ സഹായിച്ചു. കരിഞ്ഞുണങ്ങിയ പുല്ലുകൾ വീണ്ടും പച്ചപ്പ് അണിഞ്ഞതോടെ ക്ഷീര കർഷകരും സന്തോഷത്തിലാണ്. തീ പിടിത്തം ഭീഷണിയും തൽക്കാലം ഒഴിഞ്ഞു.

വേനൽ മഴയ്ക്കൊപ്പം എത്തുന്ന ഇടിയും മിന്നലും നാട്ടുകാരെ ഭീഷണിയിലാഴ്ത്തുന്നു. കഴിഞ്ഞയിടെ മുണ്ടക്കയത്ത് 2 പേർക്ക് ജീവൻ നഷ്ടമായി. ഒട്ടേറെ വീടുകളിലെ ഇലക്ട്രിക്, ഇലക്ട്രോണിക്സ് സാമഗ്രികൾ തകരാറിലായി. കാർഷിക വിഭവങ്ങൾ കാറ്റിൽ നശിക്കുന്നതും പതിവാണ്.

വേനൽ മഴ ശക്തമായതോടെ മലയോര മേഖലയിൽ കൊതുക് ശല്യം രൂക്ഷമായി. പകൽ സമയത്ത് ഇലകളുടെ അടിഭാഗത്ത് കഴിയുന്ന കൊതുക്, വെയിൽ താഴുമ്പോൾ വീടുകളിലേക്കു കൂട്ടത്തോടെ ചേക്കേറുകയാണ്. റബർ തോട്ടങ്ങളിലും മറ്റ് കാർഷിക തൊഴിലിടങ്ങളിലും ജോലിയെടുക്കുന്നവർ കൊതുക് ശല്യം മൂലം പൊറുതി മുട്ടിയിരിക്കുകയാണ്.

# നവീകരിച്ച കുട്ടംപേരൂർ ആറ് സമർപ്പണം 11ന് മുഖ്യമന്ത്രി നിർവഹിക്കും



**മാന്നാർ:** പുനരുജ്ജീവിപ്പിച്ച കുട്ടംപേരൂർ ആറ് സമർപ്പണം 11ന് നടക്കും. സമർപ്പണോദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും. സംസ്ഥാന സർക്കാർ ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി നബാർഡിൽ നിന്നും അനുവദിച്ച 15.70 കോടി രൂപ ചെലവഴിച്ചു മൂന്നു ഘട്ടങ്ങളായിട്ടാണ് കുട്ടംപേരൂർ ആറ് നവീകരണ പദ്ധതി. മാന്നാർ, ചെന്നിത്തല, ബുധനൂർ പഞ്ചായത്തുകൾ അതിർത്തി പങ്കിട്ടൊഴുകുന്ന കുട്ടംപേരൂർ ആറ് പൂർണമായും ബുധനൂർ പഞ്ചായത്തിന്റെ റവന്യു പരിധിയിലാണ്.

7.5 കിലോമീറ്റൽ ദൈർഘ്യം വരുന്ന കുട്ടംപേരൂർ ആറ് അച്ചൻകോവിലാറിലെ ഉളുന്തിയിൽ തുടങ്ങി പമ്പയിലെ ഇല്ലിമലയിൽ ചെന്നു ചേരുന്നതാണ്. കാൽ നൂറ്റാണ്ടിലധികം മാലിന്യത്താൽ മൂടപ്പെട്ടു നീരൊഴുക്കു നിലച്ചു കിടക്കുകയായിരുന്നു. 2013ൽ അന്നത്തെ ബുധനൂർ പഞ്ചായത്ത് പ്രസിഡന്റ് കെ. രുക്മിണിയുടെ നേതൃത്വത്തിൽ തൊഴിലുറപ്പു പദ്ധതിയിൽ പെടുത്തി നവീകരണത്തിനു തുടക്കമിട്ടു. സർവേയിലൂടെ ആറിന്റെ വിസ്തൃതി നിർണയിച്ചായിരുന്നു തുടക്കം.

2016ൽ പി. വിശ്വംഭര പണിക്കർ പഞ്ചായത്ത് പ്രസിഡന്റായ കാലത്താണ് മൂന്നു ഘട്ടങ്ങളായി തിരിച്ചു നവീകരണത്തിനു തുടക്കമിട്ടത്. തുടർന്നു ടെൻഡർ നടപടി പൂർത്തിയാക്കി. നബാർഡിൽ നിന്നും ആദ്യം അനുവദിച്ച 3. 20 കോടി രൂപയ്ക്ക് പുനരുദ്ധാരണത്തിനു തുടക്കം കുറിച്ചു. ഇതുൾപ്പെടെ 15.70 കോടി രൂപ ചെലവഴിച്ചാണ് ആറ് പൂർണമായും നവീകരിച്ചത്. ബുധനൂർ പഞ്ചായത്തിലെ 1300 തൊഴിലുറപ്പു തൊഴിലാളികൾ 30 ദിവസം കൊണ്ട് 39,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചാണ് കുട്ടംപേരൂർ ആറിലെ നീരൊഴുക്കു പുനഃസ്ഥാപിച്ചത്. ബണ്ടു റോഡ്, കയർ ഭൂവസ്ത്രം വിരിച്ച ബണ്ടുകൾ, കുളിക്കടവുകൾ, കാർഷിക മേഖലയുമായി ബന്ധപ്പെടുത്തിയുള്ള തോടുകൾ, തിട്ട, തീരസംരക്ഷണമടക്കമുള്ള നിർമാണ പ്രവർത്തനങ്ങളാണ് നടന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റോഡിയോ പ്രഭാഷണ പരമ്പരയായ മൻ കീ ബാത്തിൽ നദിയെ വീണ്ടെടുത്തത് ചരിത്ര സംഭവമെന്നു വിശേഷിപ്പിച്ചിരുന്നു. ഇതോടെ കുട്ടംപേരൂർ ആറ് രാജ്യാന്തര ശ്രദ്ധ നേടിയിരുന്നു. സിബിഎസ്ഇയുടെ 8ാം ക്ലാസിലെ ഇംഗ്ലീഷ് പാഠപുസ്തകത്തിലും കുട്ടംപേരൂർ ആറ് ഇടം നേടി. ആറിന്റെ നവീകരണം പാഠ്യ വിഷയമാക്കിയത് പ്രമുഖ പുസ്തക പ്രസാധകരായ ഓറിയന്റ് ബ്ലാക്ക് സ്വാൻ ആണ്. പുസ്തകത്തിലെ 6ാം അധ്യായത്തിലെ 72, 73 പേജുകളിലാണ് ദ റിട്ടേൺ ഓഫ് ദ റിവർ എന്ന തലക്കെട്ടോടെ ആറിന്റെ പുനരുജ്ജീവന ചരിത്രം പാഠ്യഭാഗമാക്കിയത്.

കുട്ടംപേരൂർ ആറിന്റെ നവീകരണം പൂർത്തിയാകുമ്പോൾ വിനോദ സഞ്ചാര ഹബ് നിലവിൽ വരും. മാന്നാർ ചെങ്ങന്നൂർ ആറന്മുള പൈതൃക പദ്ധതിയെ ഇതുമായി യോജിപ്പിച്ചാകും വിനോദ സഞ്ചാര ശൃംഖല തുറക്കുക. കുട്ടംപേരൂർ ആറു വഴി ഇരുനദികളെയും ബന്ധിപ്പിച്ചു ബോട്ടിങ്, ഹോട്ടൽ ശൃംഖല, ബോട്ട് ക്ലബുകൾ, വാട്ടർ സ്റ്റേഡിയം എന്നിവയൊരുക്കുന്നതിനും പദ്ധതിയുണ്ട്. 2019, 2022 വർഷം കുട്ടംപേരൂർ എണ്ണയ്ക്കാട് ജലോത്സവവും സംഘടിപ്പിച്ചിരുന്നു.

കുട്ടംപേരൂർ ആറിന്റെ തീരത്തുള്ള കാർത്യായനി ക്ഷേത്ര മൈതാനത്ത് 11ന് മൂന്നിനാണ് സമർപ്പണ ചടങ്ങുകൾ നടക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പണോദ്ഘാടനം നിർവഹിക്കും.

മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും, മന്ത്രി റോഷി അഗസ്റ്റിൻ, കൊടിക്കുന്നിൽ സുരേഷ് എംപി എന്നിവർ മുഖ്യാതിഥികളാകും.

നവീകരണത്തിനു ചുക്കാൻ പിടിച്ച മുൻ ബുധനൂർ പഞ്ചായത്ത് പ്രസിഡന്റ് പി. വിശ്വംഭരപണിക്കരെ മുഖ്യമന്ത്രി ആദരിക്കുമെന്ന് സ്വാഗത സംഘം ജനറൽ കൺവീനർ കൂടിയായ ബുധനൂർ പഞ്ചായത്ത് പ്രസിഡന്റ് പുഷ്പലത മധു, ഇറിഗേഷൻ വകുപ്പ് അസി. എക്സിക്യൂട്ടീവ് എൻജിനീയർ എൽ. ആഷാ ബിഗം എന്നിവർ അറിയിച്ചു.

# കായംകുളം അടൂർ പാത, റജിസ്റ്റർ ചെയ്ത വിലയുടെ മൂന്നിരട്ടി ഉടമകൾക്ക്



**ചാരുംമൂട്:** കായംകുളം പുനലൂർ റോഡ് കായംകുളം മുതൽ അടൂർ വരെ നാലുവരിപ്പാതയാക്കാൻ കേന്ദ്രസർക്കാർ ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തും. ഇതിന്റെ ഭാഗമായി റോഡിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ പൊതുമരാമത്ത് വകുപ്പ് ഭാരത്മാല അധികൃതർക്ക് കൈമാറി. ദേശീയപാതയെയും എംസി റോഡിനെയും ബന്ധിപ്പിക്കുന്ന കെ പി റോഡിന്റെ ഭാഗമാണ് നാലുവരിയാകുക. ശബരിമലയിലേക്കുള്ള പ്രധാന പാത, തമിഴ്നാട്ടിൽ നിന്നു കൂടുതൽ ദേശീയപാതയിലേക്കു പ്രവേശിക്കുന്നതിനുള്ള പാത എന്നിവയും കെ പി റോഡിന്റെ പ്രത്യേകതയാണ്.

വർഷങ്ങൾക്ക് മുൻപ് ഇത് മൂന്നുവരിപ്പാതയാക്കുന്നതിനു പൊതുമരാമത്ത് വകുപ്പ് ശ്രമം നടത്തിയെങ്കിലും നടപ്പായില്ല. ഈ സാഹചര്യത്തിലാണ് ഭാരത്മാല പദ്ധതിയിൽ ജില്ലയിൽ ഉൾപ്പെടുത്തേണ്ട റോഡിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ പദ്ധതി അധികൃതർ ആവശ്യപ്പെട്ടപ്പോൾ കെ പി റോഡിനെ പദ്ധതിയിലേക്കു നിർദേശിച്ചത്. നാലുവരിപ്പാതയ്ക്കായി ഏറ്റെടുക്കുന്ന സ്ഥലത്തിന്, 2013ലെ റജിസ്ട്രേഷൻ നിയമ പ്രകാരം റജിസ്റ്റർ ചെയ്ത വിലയുടെ മൂന്നിരട്ടിയാണ് ഉടമകൾക്ക് നൽകുന്നത്.

# നെടുങ്കണ്ടം പഞ്ചായത്ത് സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് രണ്ടാഴ്ചയ്ക്കകം



**നെടുങ്കണ്ടം:** പഞ്ചായത്ത് സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് നിർമാണം ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാഴ്ചക്കുള്ളിൽ ട്രാക്ക് നിർമാണം പൂർത്തിയാക്കും. സ്റ്റേഡിയം നവീകരണത്തിനു 9.40 കോടി രൂപയാണ് സർക്കാർ അനുവദിച്ചത്. ഫുട്ബോൾ മൈതാനത്തിന്റെ നിർമാണം പൂർത്തിയായിരുന്നു.

സിന്തറ്റിക് ട്രാക്ക് നിർമാണം, ബാസ്കറ്റ് ബോൾ കോർട്ട് എന്നിവയാണ് അന്തിമഘട്ടത്തിൽ. കഴിഞ്ഞ ഇടതു സർക്കാരിന്റെ കാലത്ത് പഞ്ചായത്ത് പ്രസിഡന്റ് എം.സുകുമാരന്റെ നേതൃത്വത്തിൽ നടത്തിയ ശ്രമത്തെ തുടർന്നാണ് നെടുങ്കണ്ടം പഞ്ചായത്തിന് പുതിയ സ്റ്റേഡിയം അനുവദിച്ചത്.

ജില്ലയിലെ ഏറ്റവും വിസ്തൃതിയുള്ള സ്റ്റേഡിയമാണു നെടുങ്കണ്ടത്തേത്. ധനകാര്യവകുപ്പ്, റവന്യു വകുപ്പ്, പൊലീസ്, വിദ്യാഭ്യാസ വകുപ്പ്, ട്രഷറി എന്നീ വകുപ്പുകളുടെ ഉടമസ്ഥതയിൽ കിടന്ന ഭൂമി പഞ്ചായത്ത് ഏറ്റെടുത്താണ് സ്റ്റേഡിയത്തിന്റെ പ്രാരംഭ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

2007, 2008 സാമ്പത്തിക വർഷം ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തി അടിസ്ഥാന സൗകര്യമൊരുക്കിയതൊഴിച്ചാൽ സ്റ്റേഡിയത്തിൽ ഒരു നിർമാണ പ്രവർത്തനങ്ങളും ഇതിനുശേഷം നടത്തിയിട്ടില്ല. 4.95 ഏക്കർ സ്ഥലത്താണു സ്റ്റേഡിയം സ്ഥിതി ചെയ്യുന്നത്. കഴിഞ്ഞ ഇടതു സർക്കാരിൽ മന്ത്രിയായിരുന്ന എം.എം. മണി ഇടപെട്ടാണ് സ്റ്റേഡിയത്തിന് 9.40 കോടി അനുവദിച്ചത്.

സിന്തറ്റിക് ട്രാക്ക് നിർമാണം പൂർത്തിയാകുന്നതോടെ പകലും രാത്രിയുമായി കായിക മത്സരങ്ങൾ നടക്കും. ഇതിനുള്ള മാർഗരേഖ കായിക വകുപ്പ് തയാറാക്കി വരികയാണ്.

ഫ്ലഡ് ലൈറ്റ് സംവിധാനത്തിൽ ഒരുക്കിയ സ്റ്റേഡിയം എതുതരം മത്സരം നടത്തുന്നതിനും യോജിച്ച വിധത്തിലാണ് ക്രമീകരിക്കുന്നത്.

ഇതോടെ ഹൈറേഞ്ച് മേഖലയിലെ കായികരംഗത്തിനു വൻകുതിപ്പ് ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

# ഉദ്ഘാടനത്തിനൊരുങ്ങി ലൈഫ് സയൻസ് പാർക്കിലെ അഡ്മിൻ ആൻഡ് ബയോടെക് ലാബ്

**തിരുവനന്തപുരം:** തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിൽ നിർമാണം പൂർത്തിയായ അഡ്മിൻ ആൻഡ് ബയോടെക് ലാബ് കെട്ടിടം ഉദ്ഘാടനത്തിന് സജ്ജമായി. കെട്ടിട ഉദ്ഘാടനവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്ക് കെട്ടിട കൈമാറ്റവും ഏപ്രിൽ 19 (ബുധൻ) വൈകിട്ട് 4ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ രണ്ടാം ഘട്ടത്തിനായി ലൈഫ് സയൻസ് പാർക്കിലെ ആദ്യ ഘട്ടത്തിൽ 80,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അഡ്മിൻ ആൻഡ് ബയോടെക് ലാബ് കെട്ടിടത്തിന്റെ നിർമാണമാണ് കെ.എസ്.ഐ.ഡി.സി പൂർത്തിയാക്കിയിട്ടുള്ളത്. കെട്ടിടത്തിൽ ബയോസേഫ്റ്റി രണ്ട് കാറ്റഗറിയിലുള്ള 16 ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി നടത്തി വരുന്നത്. 16 ലാബുകളിൽ എട്ട് ലാബുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി എട്ടെണ്ണം 2023 24 സാമ്പത്തിക വർഷത്തോടെ പൂർത്തിയാവും.

ക്ലിനിക്കൽ വൈറോളജി, വൈറൽ ഡയഗ്നോസ്റ്റിക്സ്, വൈറൽ വാക്സിനുകൾ, ആന്റിവൈറൽ ഡ്രഗ് റിസർച്ച്, വൈറസ് ആപ്ലിക്കേഷനുകൾ, വൈറസ് എപ്പിഡെമിയോളജി, ബേസിക് ആൻഡ് ജനറൽ വൈറോളജി മേഖലയിലെ പ്രവർത്തനങ്ങൾക്ക് ആകെ 22 ലാബുകളും ഒരുക്കും.



# ബ്രഹ്മപുരത്ത് അഗ്നിരക്ഷാ സംവിധാനം ഉടൻ വേണം

**കൊച്ചി:** ബ്രഹ്മപുരത്തു കെട്ടിക്കിടക്കുന്ന മാലിന്യം പൂർണമായും നീക്കുന്നതുവരെ അഗ്നിരക്ഷാ സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്നു കാണിച്ചു ദേശീയ ഹരിത ട്രൈബ്യൂണൽ സംസ്ഥാനതല നിരീക്ഷണ സമിതി ചെയർമാൻ ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ള ട്രൈബ്യൂണലിനു റിപ്പോർട്ട് നൽകി. ബ്രഹ്മപുരം തീപിടിത്തത്തിനു ശേഷം അദ്ദേഹം ട്രൈബ്യൂണലിനു സമർപ്പിക്കുന്ന രണ്ടാമത്തെ റിപ്പോർട്ടാണിത്. ബ്രഹ്മപുരം മാലിന്യ സംസ്കരണ കേന്ദ്രത്തിൽ മാർച്ച് 26നു രണ്ടാമതും തീപിടിത്തമുണ്ടായതിനെ തുടർന്നാണു വീണ്ടും റിപ്പോർട്ട് നൽകിയത്.

ബ്രഹ്മപുരത്തു കെട്ടിക്കിടക്കുന്ന മാലിന്യം പൂർണമായും യുദ്ധകാലാടിസ്ഥാനത്തിൽ നീക്കണം. ഇല്ലെങ്കിൽ വീണ്ടും തീപിടിത്തമുണ്ടാകാനുള്ള എല്ലാ സാധ്യതകളുമുണ്ടെന്നു ട്രൈബ്യൂണലിന് ആദ്യം സമർപ്പിച്ച റിപ്പോർട്ടിലും ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ള വ്യക്തമാക്കിയിരുന്നു. മാർച്ച് രണ്ടിനു ബ്രഹ്മപുരം പ്ലാന്റിലുണ്ടായ തീപിടിത്തത്തെ തുടർന്നു ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ള സംഭവസ്ഥലം സന്ദർശിച്ചിരുന്നു.

വീണ്ടും തീപിടിത്തമുണ്ടായപ്പോൾ, ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ കൂടിയതിനാൽ തനിക്ക് അവിടേക്കു പോകാനായില്ല. സ്ഥലം സന്ദർശിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിനോടു നിർദേശിച്ചിരുന്നു. രണ്ടാമതു തീപിടിത്തമുണ്ടായപ്പോഴും അഗ്നിരക്ഷാസേനയുടെ തീയണയ്ക്കൽ സംവിധാനങ്ങളല്ലാതെ ബ്രഹ്മപുരത്തു മറ്റ് അഗ്നിരക്ഷാ സംവിധാനം ഉണ്ടായിരുന്നില്ലെന്നാണു മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ടിൽ പറയുന്നത്.

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ഓഡിറ്റ് റിപ്പോർട്ടുകളിൽ പലവട്ടം ചൂണ്ടിക്കാട്ടിയിട്ടും പ്രശ്നപരിഹാരത്തിന് കോർപറേഷൻ കാണിച്ച അലംഭാവമാണു വൻദുരന്തത്തിനു വഴിവച്ചത്. ബ്രഹ്മപുരത്ത് വീഴ്ച വരുത്തിയവർക്കെതിരെ ഒരു നടപടിയും ഇപ്പോഴും കോർപറേഷൻ സ്വീകരിച്ചിട്ടില്ല.

പ്ലാന്റിൽ എത്തിക്കുന്ന ജൈവമാലിന്യത്തിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമാണു സംസ്കരിച്ചു വളമാക്കുന്നത്. 3.53 കോടി രൂപയാണ് ജൈവമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കരാറുകാരനു നൽകിയത്.

# മൂവാറ്റുപുഴ നഗരം നാലുവരി പാതയാക്കൽ; നിർമ്മാണോദ്ഘാടനം 10 ന്

**മൂവാറ്റുപുഴ:** അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡുകളും നഗര വികസനങ്ങളുമായി മൂവാറ്റുപുഴ വികസന കുതിപ്പിലേക്ക്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ നഗരം നാലുവരി പാതയാക്കി വികസിപ്പിക്കുന്നതിന്റെ നിർമ്മാണോദ്ഘാടനം ഏപ്രിൽ 10 ന് ഉച്ചക്ക് 2.30 ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവ്വഹിക്കും.

32.14 കോടി രൂപ ചിലവിൽ മൂവാറ്റുപുഴ മണ്ഡലത്തിലെ പി ഓ ജംഗ്ഷൻ മുതൽ വെള്ളൂർകുന്നം ജംഗ്ഷൻ വരെയാണ് നാലുവരി പാതയാക്കി വികസിപ്പിക്കുന്നത്.

നെഹ്റു പാർക്കിന് സമീപം നടക്കുന്ന പരിപാടിയിൽ ഡീൻ കുര്യാക്കോസ് എംപി മുഖ്യപ്രഭാക്ഷണം നടത്തും. മാത്യു കുഴൽനാടൻ എം എൽ എ അധ്യക്ഷത വഹിക്കും.

കെ.ആർ എഫ്.ബി എക്സിക്യൂട്ടീവ് എൻജിനീയർ മിനി മാത്യു റിപ്പോർട്ട് അവതരിപ്പിക്കും.

നഗരസഭ ചെയർമാൻ പി പി എൽദോസ് , കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ട മുറിക്കൽ , മുൻ എം പി. ഫ്രാൻസിസ് ജോർജ്ജ് മുൻ എംഎൽഎ മാരായ എൽദോ ഏബ്രഹാം, ജോസഫ് വാഴക്കൻ , ബാബു പോൾ, ജോണി നെല്ലൂർ തുടങ്ങിയ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും പങ്കെടുക്കും.



## പീച്ചിയിലെ അക്വേറിയം വീണ്ടും തുറന്നു

**പീച്ചി:** കോവിഡിനെത്തുതുടർന്ന് അടച്ചുപൂട്ടിയ പീച്ചിയിലെ ശുദ്ധജല അക്വേറിയം 2 വർഷത്തിനു ശേഷം തുറന്നു. നവീകരിച്ച അക്വേറിയത്തിന്റ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് നിർവഹിച്ചു. അലങ്കാര മത്സ്യങ്ങളുടെ പ്രദർശനത്തിന് പുറമേ നാടൻ മത്സ്യങ്ങളുടെ പ്രദർശനവും അക്വേറിയത്തിൽ ഒരുക്കിയിട്ടുണ്ട്.

850 ചതുരശ്ര അടി വലിപ്പമുള്ളതാണ് അക്വേറിയം. അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെയും സെറ്റ് ചെയ്ത അക്വേറിയങ്ങളും ഇതോടനുബന്ധിച്ചു വിൽപനയ്ക്ക് ഒരുക്കിയിട്ടുണ്ട്. രാവിലെ 9 മുതൽ വൈകിട്ട് 6 വരെയാണ് സന്ദർശക സമയം. എസ് സി എസ് ടി റിസർവോയർ ഫിഷറീസ് സംഘം പ്രസിഡന്റ് അംബിക ചിദംബരം അധ്യക്ഷത വഹിച്ചു.

## ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** സംസ്ഥാന ബാലാവകാശ കമ്മിഷന്റെ ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സംവിധാനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ബാലാവകാശ ലംഘനങ്ങളും പിഴവുകളും സംബന്ധിച്ച പരാതികളിന്മേൽ വേഗത്തിൽ പരിഹാരം കാണുകയാണ് ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റത്തിലുടെ ലക്ഷ്യമിടുന്നത്. പരാതികൾ ഓൺലൈനായി www.childrights.kerala.gov.in ൽ നേരിട്ടോ www.kescpcr.kerala.gov.in online services ലിങ്ക് മുഖേനയോ കമ്മിഷനെ അറിയിക്കാം. പരാതിയോടൊപ്പം ഡിജിറ്റൽ തെളിവുകളും ഓൺലൈനായി അയക്കാൻ സംവിധാനമുണ്ട്. കംപ്ലയിന്റ് രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്ന കംപ്ലയിന്റ് നമ്പർ ഉപയോഗിച്ച് പരാതിയിന്മേൽ കമ്മിഷൻ സ്വീകരിച്ച തുടർ നടപടികൾ അറിയാൻ സാധിക്കും.



# കുടിവെള്ള പദ്ധതികൾ അധികൃതരുടെ അശ്രദ്ധ മൂലം പാഴാകുന്നു

**പൊയ്യ:** ശുദ്ധജലക്ഷാമം രൂക്ഷമായ പഞ്ചായത്തിൽ പ്രാദേശികമായി നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ അധികൃതരുടെ അശ്രദ്ധ മൂലം പാഴാകുന്നു. വിവിധ പദ്ധതികളിലായി ഒട്ടേറെ ടാങ്കുകളാണ് പഞ്ചായത്തിൽ ഉപയോഗശൂന്യമായി കിടക്കുന്നത്. ഏക ആശ്രയമായ ജലനിധി പദ്ധതി വഴി ഓരോ വാർഡുകളിലും വെള്ളമെത്തുന്നത് 10 മുതൽ 15 ദിവസം വരെ കൂടുമ്പോഴാണ്. പകുതിയിലധികം വാർഡുകളിലും ജലനിധി പദ്ധതി തന്നെയാണ് ഇപ്പോൾ ഏക ആശ്രയം.

വേനൽ കടുക്കുമ്പോൾ ഗ്രാമ പഞ്ചായത്ത് ടാങ്കറിൽ വെള്ളമെത്തിക്കാറുണ്ട്. എന്നാൽ, ഇക്കുറി അതും വൈകുകയാണ്. ഗുണഭോക്തൃ വിഹിതത്താൽ പ്രവർത്തിക്കുന്ന പൂപ്പത്തിയിലെ കുടിവെള്ള വിതരണ പദ്ധതി നിലച്ച അവസ്ഥയാണ്. വൈദ്യുതി ബിൽ കുടിശിക കൂടുതലായതിനാൽ ഇവിടേക്കുള്ള കുഴൽ കിണർ മോട്ടറിന്റെ ബന്ധം കെഎസ്ഇബി വിഛേദിച്ചിരിക്കുകയാണ്.

2016 ൽ ജില്ലാ ഭരണകൂടം ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച വാട്ടർ കിയോസ്കുകൾ അധികൃതർ തിരിഞ്ഞുനോക്കാതെ നശിക്കുന്ന അവസ്ഥയാണ്. 5000 ലീറ്റർ സംഭരണ ശേഷിയുള്ള ടാങ്കുകളാണ് ഇത്.

ഏതാനും ദിനങ്ങൾ മാത്രമാണ് ഇത് ഉപയോഗിച്ചിട്ടുള്ളതെന്നു പ്രദേശവാസികൾ പറഞ്ഞു. പതിറ്റാണ്ടുകൾക്ക് മുൻപ് കൊണ്ടൊഴിഞ്ഞാർ ലിഫ്റ്റ് ഇറിഗേഷന്റെ ഭാഗമായി സ്ഥാപിച്ച പൈപ്പുകളും പലയിടങ്ങളിലും നോക്കുകുത്തിയായി.

# സഞ്ചരിക്കുന്ന സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ചാലക്കുടിയിലും




**ചാലക്കുടി:** വീടുകളിലെയും സ്ഥാപനങ്ങളിലെയും സെപ്റ്റിക് മാലിന്യം നേരിട്ടെത്തി ശേഖരിച്ചു സംസ്കരിക്കുന്നതിനുള്ള മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം നഗരസഭ ഒരുക്കും. ഇതിന്റെ ഭാഗമായി നഗരസഭാധ്യക്ഷൻ എബി ജോർജിന്റെ നേതൃത്വത്തിലുള്ള സംഘം ഡിണ്ടിഗലിലെ വാട്ടർ സാനിറ്റേഷൻ ആൻഡ് ഹൈജീൻ ഇൻസ്റ്റിറ്റ്യൂട്ട് (ഡബ്ല്യുഎഎസ്എച്ച്) എന്ന ഗവേഷണ കേന്ദ്രം സന്ദർശിച്ചു. ജല മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനെ സംബന്ധിച്ചു ഗവേഷണം നടത്തുന്ന കേന്ദ്രസംസ്ഥാന സർക്കാരുകളുടെ അംഗീകൃത സ്ഥാപനമാണിത്.

സെപ്റ്റിക് മാലിന്യം അശാസ്ത്രീയമായി സംസ്കരിക്കുകയും ജല സ്രോതസ്സുകളിലും മറ്റും തള്ളുന്നതും തടയുന്നതിനാണു വാഹനത്തിൽ ഘടിപ്പിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റ് സംവിധാനം ഒരുക്കുന്നത്. വാഹനം വീടുകളിലും സ്ഥാപനങ്ങളിലും നേരിട്ടെത്തി ശുചിമുറി മാലിന്യം സംസ്കരിക്കും. സംസ്ഥാനത്ത് ആദ്യമായാണ് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഈ സൗകര്യം ഒരുക്കുന്നതെന്നു നഗരസഭാധ്യക്ഷൻ എബി ജോർജ് അറിയിച്ചു.

അദ്ദേഹത്തോടൊപ്പം യുഡിഎഫ് പാർലമെന്ററി പാർട്ടി ലീഡർ ഷിബു വാലപ്പൻ, നഗരസഭ ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ ദീപു ദിനേശ്, നഗരസഭ ആസൂത്രണ സമിതി വൈസ് ചെയർമാൻ ഡോ. സണ്ണി ജോർജ് എന്നിവർ ഗവേഷണ കേന്ദ്രം സീനിയർ ശാസ്ത്രജ്ഞരായ ഡോ. രാധിക, ഡോ. തരണ്യ എന്നിവരുമായി ചർച്ച നടത്തി. പ്ലാന്റിന്റെ പ്രവർത്തനം നേരിട്ടു വിലയിരുത്തുകയും ചെയ്തു.

നഗരസഭയിലെ 36 വാർഡുകളിലെയും ശുചിമുറി മാലിന്യം ശേഖരിച്ച് ഒരു സ്ഥലത്തെത്തിച്ചു സംസ്കരിക്കാനായി നേരത്തെ നടന്ന ചർച്ചകൾ വലിയ പ്രതിഷേധത്തിനു വഴിയൊരുക്കിയിരുന്നു. തുടർന്നാണ് സഞ്ചരിക്കുന്ന പ്ലാന്റ് എന്ന ആശയം ജനിച്ചത്. 2023 24 വർഷത്തെ നഗരസഭ വികസന സെമിനാറും നഗരസഭ കൗൺസിലും നിർദേശിച്ച പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതു കഴിഞ്ഞ ദിവസമാണ്. 50 ലക്ഷം രൂപയാണു പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്.

## സ്റ്റാഫ് നേഴ്സ്, അഡോളസെന്റ് ഹെൽത്ത് കൗൺസിലർ ഒഴിവ്: അപേക്ഷ ക്ഷണിച്ചു

**പാലക്കാട്:** ദേശിയ ആരോഗ്യ ദൗത്യത്തിനു കീഴിൽ ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ സ്റ്റാഫ് നേഴ്സ്, അഡോളസെന്റ് ഹെൽത്ത് കൗൺസിലർ നിയമനം. സ്റ്റാഫ് നേഴ്സ് തസ്തികയിൽ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്ന് ജി.എൻ.എം/ബി.എസ്.സി നേഴ്സിങ് എന്നിവയാണ് യോഗ്യത. കെ.എൻ.എം.സി രജിസ്ട്രേഷൻ നിർബന്ധം. 17,000 രൂപയാണ് പ്രതിമാസ വേതനം. അഡോളസെന്റ് ഹെൽത്ത് കൗൺസിലർ തസ്തികയിൽ എം.എസ്.സി സൈക്കോളജി/എം.എ. സൈക്കോളജി, എം.എസ്.ഡബ്ല്യൂ (മെഡിക്കൽ ആൻഡ് സൈക്ക്യാട്രി), എം.എസ്.സി നേഴ്സിങ് (സൈക്ക്യാട്രി) എന്നിവയാണ് യോഗ്യത. ഒരു വർഷത്തെ പ്രവർത്തിപരിചയം നിർബന്ധം. പ്രതിമാസ വേതനം 14,000 രൂപ. ഇരുതസ്തികകൾക്കും 2023 ഏപ്രിൽ ഒന്നിന് 40 വയസ് കവിയരുത്.യോഗ്യരായവർ ആരോഗ്യ കേരളം വെബ്സൈറ്റിൽ ഓൺലൈൻ വഴി ഏപ്രിൽ 14 ന് വൈകിട്ട് അഞ്ചിനകം അപേക്ഷിക്കണം. വൈകി വരുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കും. കൂടുതൽ വിവരങ്ങൾ www.arogyakeralam.gov.in ലഭിക്കുമെന്ന് ജില്ലാ പ്രോഗ്രാം മാനേജർ എൻ.എച്ച്.എം (ആരോഗ്യകേരളം) അറിയിച്ചു.

## സിവിൽ സർവീസ് പരീക്ഷ പരിശീലനം

**പാലക്കാട്:** കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി പാലക്കാട് സെന്ററിൽ 2024 ലെ സിവിൽ സർവീസ് പരീക്ഷ പരിശീലനത്തിന് ബിരുദധാരികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 28 ന് വൈകിട്ട് അഞ്ചിനകം www.kscsa.org മുഖേന അപേക്ഷിക്കണമെന്ന് കോർഡിനേറ്റർ അറിയിച്ചു. 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഫോൺ: 04912576100, 8281098869.

## ടെക്നിക്കൽ എക്സ്പെർട്ട് നിയമനം: അപേക്ഷ ക്ഷണിച്ചു

**പാലക്കാട്:**ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിലേക്ക് പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന 2.0 നീർത്തട പരിപാലന പദ്ധതി (പി.എം.കെ.എസ്.വൈഡബ്ല്യൂ.സി.ഡി.സി2. 0) നടത്തിപ്പിനായി ടെക്നിക്കൽ എക്സ്പെർട്ട്(സാങ്കേതിക വിദഗ്ധൻ) തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അഗ്രികൾച്ചറൽ/ഹോർട്ടികൾച്ചറൽ/ഹൈഡ്രോളജിക്കൽ എൻജിനീയറിങ്/സോയിൽ എൻജിനീയറിങ് എന്നീ വിഷയങ്ങളിൽ ബിരുദമാണ് യോഗ്യത. മണ്ണ്/ജലസംരക്ഷണം, വനം/ഡ്രൈലൻഡ് അഗ്രികൾച്ചർ/ഹോർട്ടികൾച്ചർ/വാട്ടർഷെഡ് മാനേജ്മെന്റ് അല്ലെങ്കിൽ സമാന മേഖലകളിൽ ചുരുങ്ങിയത് അഞ്ച് വർഷത്തെ ഫീൽഡ്/ഗവേഷണ പരിചയം എന്നിവയിൽ പ്രവർത്തിപരിചയം. ഏപ്രിൽ 20 ന് വൈകിട്ട് നാലിനകം അപേക്ഷകൾ ലഭിക്കണമെന്ന് പ്രോജക്ട് ഡയറക്ടർ അറിയിച്ചു. ഫോൺ: 0491 2505866.

## ലേലം 11 ന്

പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ 202324 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അയ്യപ്പൻകാവ് ടേക്ക് എ ബ്രേക്ക് നടത്തിപ്പ് അവകാശം, വണ്ടിത്താവളം ആഴ്ചചന്ത, മീനാക്ഷിപുരം കംഫർട്ട് സ്റ്റേഷൻ, വിളയോടി സബ് സെന്റർ കോമ്പൗണ്ടിലുള്ള മഴമരം വയലുകുളം അങ്കണവാടി കോമ്പൗണ്ടിലുള്ള തേക്ക്മരം, കന്നിമാരി 33 സെന്റ് സ്ഥലം കൃഷി ചെയ്യുന്നതിനുള്ള അവകാശം എന്നിവ ഏപ്രിൽ 11 ന് രാവിലെ 11 മുതൽ പഞ്ചായത്തോഫീസിൽ ലേലം ചെയ്യും.

വിശദവിവരങ്ങൾ ഫോൺ: 04923232226, 9496047225.



## ജലക്ഷാമം രൂക്ഷം; കൃഷി പ്രതിസന്ധിയിൽ

**ചെറുപുഴ:** വേനൽ കനത്തതോടെ മലയോര മേഖലയിൽ ശുദ്ധജലക്ഷാമം രൂക്ഷമാകുന്നു. മലയോരത്തെ പ്രധാന ജലസ്രോതസ്സുകളായ തേജസിനിപ്പുഴയും തിരുമേനിപ്പുഴയും വറ്റിവരണ്ടതോടെ ശുദ്ധജലക്ഷാമത്തിനു പുറമേ കൃഷികൾക്ക് ജലസേചനം നടത്താൻ പോലും പറ്റാത്ത സ്ഥിതിയായി. പുഴകളിലെ ഒട്ടുമിക്ക കയങ്ങളിലേയും ജലനിരപ്പ് ക്രമാതീതമായി താഴ്ന്നു കഴിഞ്ഞു.

തേജസിനിപ്പുഴയിലെ ഏറ്റവും വലിയ കയമായ ആവുള്ളാൻ കയത്തിലെ ജലവിതാനം ദിനംപ്രതി താഴാൻ തുടങ്ങിയത് ജനങ്ങളെ കടുത്ത ആശങ്കയിലാക്കി. നീരൊഴുക്ക് നിലച്ചതോടെ പുഴയിൽ നിന്നു ജലസേചന ആവശ്യത്തിനു വെള്ളം എടുക്കുന്നത് പഞ്ചായത്ത് നിരോധിച്ചിരിക്കുകയാണ്. ഇതോടെ കമുക്, തെങ്ങ്, വാഴ, ജാതി തുടങ്ങിയ കൃഷികൾ വ്യാപകമായി ഉണങ്ങി നശിക്കാൻ തുടങ്ങി.

അടുത്ത വർഷം അടയ്ക്ക, തേങ്ങ എന്നിവയുടെ ഉൽപാദനത്തിൽ വൻ ഇടിവ് ഉണ്ടാകുമെന്നാണു കർഷകർ പറയുന്നത്. ഈ സ്ഥിതി തുടർന്നാൽ വരും ദിവസങ്ങളിൽ കുടിവെള്ള ക്ഷാമവും രൂക്ഷമാകും. കഴിഞ്ഞ വർഷം എല്ലാ മാസങ്ങളിലും മഴ ലഭിച്ചതിനാൽ മലയോരത്തു കാര്യമായ ജലക്ഷാമം ഉണ്ടായിരുന്നില്ല. എന്നാൽ ഈ വർഷം സ്ഥിതി തികച്ചും വ്യത്യസ്തമാണ്. ഏപ്രിൽ മാസമായിട്ടും ഒറ്റ മഴ പോലും ലഭിക്കാത്തത് മലയോരത്ത് കടുത്ത പ്രതിസന്ധിയാണ് ഉണ്ടാക്കിയിരിക്കുന്നത്.



# മംഗലം ഡാമിലെ ജലനിരപ്പു താഴ്ന്നു; മത്സ്യക്കൃഷിയും ശുദ്ധജല ലഭ്യതയും പ്രതിസന്ധിയിൽ

**മംഗലംഡാം:** ജലനിരപ്പു ക്രമാതീതമായി താഴ്ന്നതോടെ അണക്കെട്ടിലെ മത്സ്യക്കൃഷി പ്രതിസന്ധിയിലായി. പ്രദേശത്ത് ശുദ്ധജല ക്ഷാമവുമുണ്ട്. മഴ പെയ്യാൻ ഇനിയും വൈകിയാൽ ഉള്ള മീനുകളെല്ലാം ചത്തുപോകുമെന്ന ആശങ്കയിലാണു മത്സ്യത്തൊഴിലാളികൾ. അണക്കെട്ടിനോടു ചേർന്ന ഭാഗത്തു മാത്രമാണ് കുറച്ച് വെള്ളം അവശേഷിക്കുന്നത്. വർഷങ്ങളായി ഡാമിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും മൂലം നല്ലൊരു ഭാഗം നികന്നുപോയിട്ടുണ്ട്. ഇതു കണക്കിലെടുക്കാതെ വെള്ളം തുറന്നുവിട്ടതാണു പ്രതിസന്ധിക്കു കാരണം.

കോവിഡും ഡാമിലെ ചെളിനീക്കൽ പദ്ധതിയും കാരണം കഴിഞ്ഞ വർഷങ്ങളിൽ മത്സ്യക്കൃഷി പ്രതിസന്ധിയിലായിരുന്നു. ഇതു മറികടക്കാനായി ഈവർഷം 10 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഡാമിൽ നിക്ഷേപിച്ചിട്ടുള്ളതായി ഫിഷറീസ് സഹകരണ സംഘം പ്രസിഡന്റ് കെ.പി.ചന്ദ്രൻ പറഞ്ഞു.

ചൂട് കനക്കുകയും വെള്ളം കുറയുകയും ചെയ്തതോടെ മത്സ്യക്കൃഷി വലിയതോതിലുള്ള ഭീഷണിയാണു നേരിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

മുപ്പതോളം അംഗങ്ങളുള്ള പട്ടികജാതി, പട്ടിക വർഗ ഫിഷറീസ് സഹകരണ സംഘം കുടുംബങ്ങളുടെ ഉപജീവന മാർഗംകൂടിയാണു മംഗലം ഡാമിലെ മത്സ്യക്കൃഷി. ഡാമിൽ വെള്ളം കുറഞ്ഞതോടെ സമീപ പ്രദേശങ്ങളിലെ കിണറുകളും വറ്റിത്തുടങ്ങി. മഴ വൈകിയാൽ കടുത്ത ശുദ്ധജല ക്ഷാമവും നേരിടേണ്ടിവരുമെന്ന അവസ്ഥയിലാണ്.



## പ്രധാനമന്ത്രിയുടെ സന്ദർശനം; സുരക്ഷയ്ക്കായി 2,000 പൊലീസ്

**ഗൂഡല്ലൂർ:** പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തിനു മുന്നോടിയായി നീലഗിരി ജില്ലയിൽ സുരക്ഷ ശക്തമാക്കി. പ്രധാനമന്ത്രി സന്ദർശിക്കുന്ന തെപ്പക്കാട് ആനപ്പന്തിയും പരിസര പ്രദേശങ്ങളും സ്പെഷൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് നിരീക്ഷണത്തിലായി. മുതുമല കടുവ സങ്കേതം അടച്ചു. പ്രധാനമന്ത്രിയുടെ സന്ദർശനം കഴിഞ്ഞ ശേഷമേ കടുവ സങ്കേതം തുറക്കൂ. തെപ്പക്കാട് ആനപ്പന്തിയിലും മായാർ പുഴയുടെ തീരത്തും നിർമാണ പ്രവർത്തനം നടക്കുന്നുണ്ട്. മസിനഗുഡിയിൽ നിന്നു വനത്തിലൂടെ തെപ്പക്കാടേക്കുള്ള റോഡ് വീതി കൂട്ടിത്തുടങ്ങി.

9ന് രാവിലെ മൈസൂരുവിൽ നിന്നു ഹെലികോപ്റ്ററിൽ എത്തുന്ന പ്രധാനമന്ത്രി, ബന്ദിപ്പൂർ കടുവ സങ്കേതത്തിലെ മേൽകമ്മനഹള്ളിയിൽ താൽക്കാലികമായി നിർമിച്ച ഹെലിപാഡിൽ ഇറങ്ങും. തുടർന്നു ബന്ദിപ്പൂർ കടുവ സങ്കേതത്തിൽ കടുവ സംരക്ഷണ പദ്ധതിയുടെ 50ാം വാർഷിക പരിപാടിയിൽ പങ്കെടുക്കും. ഇവിടെ വനത്തിൽ സഫാരി നടത്തിയ ശേഷം ഹെലികോപ്റ്ററിൽ മസിനഗുഡിയിലെ സിങ്കാര റോഡിലുള്ള ഹെലിപാഡിൽ ഇറങ്ങും. ഇവിടെനിന്നു കാറിൽ തെപ്പക്കാട് ആനപ്പന്തിയിൽ എത്തും. രാവിലെ 9.35നാണ് തെപ്പക്കാട് എത്തുന്നത്. ഇവിടെ 20 മിനിറ്റ് പരിപാടിക്കു ശേഷം മടങ്ങും. ഓസ്കർ പുരസ്കാരം ലഭിച്ച ദി എലിഫന്റ് വിസ്പറേഴ്സ് ഹ്രസ്വ ചിത്രത്തിലെ താരദമ്പതികളായ ബൊമ്മനെയും ബെല്ലിയെയും ആദരിക്കും.

ചിത്രത്തിലെ കേന്ദ്ര കഥാപാത്രങ്ങളായ 2 ആനക്കുട്ടികളെയും കാണും. ആനപ്പന്തിയിലെ 2 പാപ്പാൻമാരുമായി കുശലാന്വേഷണം നടത്തും. ആനപ്പന്തിയിലെ ആനയൂട്ടും കണ്ട ശേഷമാണു മടങ്ങുക. പ്രധാനമന്ത്രിയുടെ സുരക്ഷാ ചുമതലയുള്ള പൊലീസ് ഉദ്യോഗസ്ഥർ തെപ്പക്കാട് എത്തി. തമിഴ്നാട് വെസ്റ്റ് റീജനൽ പൊലീസ് ഐജിയുടെ നേതൃത്വത്തിൽ 7 എസ്പിമാർ അടങ്ങിയ സംഘം സുരക്ഷാ ക്രമീകരണം ഒരുക്കുന്നുണ്ട്.

സുരക്ഷയ്ക്കായി 2,000 പൊലീസ് സേനയെ നിയോഗിച്ചു. മുതുമലയിലും പരിസര ങ്ങളിലും ഡ്രോൺ ക്യാമറകൾക്കു നിരോധനം ഏർപ്പെടുത്തി. ചെക്ക് പോസ്റ്റുകളിലും വന പ്രദേശങ്ങളിലും ദ്രുത കർമ സേനയെ നിയോഗിച്ചു. മേൽകമ്മനഹള്ളിയിലെ ഹെലിപാഡിന്റെ നിർമാണവും മറ്റു സുരക്ഷാ ക്രമീകരണങ്ങളും കർണാടക എഡിജിപി സന്ദർശിച്ച് നിർദേശം നൽകി.

# ഒറ്റപ്പാലത്ത് പുതിയ കോടതി സമുച്ചയം; പഴയ കെട്ടിടം സ്മാരകമാക്കും

**ഒറ്റപ്പാലം:** കോടതി സമുച്ചയം പദ്ധതി നേരിട്ടിരുന്ന പ്രതിസന്ധി തീരുന്നു. കണ്ണിയംപുറത്ത് ജലവിഭവ വകുപ്പിന്റെ സ്ഥലം പദ്ധതിക്കു വിട്ടുകൊടുക്കുന്നതു സംബന്ധിച്ച് നിലനിന്നിരുന്ന തർക്കത്തിനു പരിഹാര നിർദേശങ്ങളായി. കഴിഞ്ഞ ദിവസം പാലക്കാട് ജില്ലാ ജഡ്ജിയുടെ ചേംബറിൽ ഒറ്റപ്പാലം എംഎൽഎയും ജില്ലാ കലക്ടറും ഉൾപ്പെടെയുള്ളവർ പങ്കെടുത്ത യോഗത്തിലാണു പ്രതിസന്ധി പരിഹരിക്കാനുള്ള തീരുമാനങ്ങൾ രൂപപ്പെട്ടത്. ഇതുപ്രകാരം ജില്ലാ കലക്ടറും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഒറ്റപ്പാലം ബാർ അസോസിയേഷൻ ഭാരവാഹികളും ഉൾപ്പെടെയുള്ളവർ ഈ മാസം 12നു സ്ഥലം സന്ദർശിക്കും.



കണ്ണിയംപുറത്തു പ്രധാന പാതയോരത്ത്, കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഒറ്റപ്പാലം ഡിവിഷൻ ഓഫിസ് പ്രവർത്തിച്ചിരുന്ന സ്ഥലത്തെ 60 സെന്റ് കോടതി സമുച്ചയം പദ്ധതിക്കു വിട്ടുകൊടുക്കുന്നതു സംബന്ധിച്ചായിരുന്നു തർക്കം. 60 സെന്റിൽ 15 സെന്റ് കാഞ്ഞിരപ്പുഴ പദ്ധതിയുടെ സബ് ഡിവിഷൻ ഓഫിസിലേക്കുള്ള വഴിയായി നിലനിർത്തണമെന്ന ആവശ്യമാണു തർക്കമായി നിലനിന്നിരുന്നത്. തർക്കത്തിലായിരുന്ന 15 സെന്റ് സ്ഥലവും പദ്ധതിക്കു വിട്ടുകൊടുക്കാൻ ജില്ലാ ജ!!ഡ്!ജിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ സന്നദ്ധരായി.

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഓഫിസിലേക്കു സൗകര്യപ്രദമായ ബദൽ വഴിയും ആവശ്യമായ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കാമെന്നു കെ.പ്രേംകുമാർ എംഎൽഎ ഉറപ്പു നൽകുകയും ചെയ്തു. സംസ്ഥാന ആഭ്യന്തര വകുപ്പ് 23.35 കോടിരൂപ ചെലവിൽ നിർമിക്കാൻ ഭരണാനുമതി നൽകിയ പദ്ധതിയാണു കോർട്ട് കോംപ്ലക്സ്. ഒറ്റപ്പാലത്തു നിലവിലുള്ള കോടതി സമുച്ചയം പൊളിച്ചു നീക്കി തൽസ്ഥാനത്തു പുതിയ സമുച്ചയം നിർമിക്കാനായിരുന്നു നേരത്തേ തീരുമാനിച്ചിരുന്നത്. ഒന്നര നൂറ്റാണ്ടിലേറെ പഴക്കവും ചരിത്രപ്രാധാന്യവുമുള്ള കെട്ടിടം പൈതൃക സ്മാരകമായി നിലനിർത്തണമെന്ന ആവശ്യവും തൊട്ടടുത്തുള്ള സബ് ജയിലിനു സമീപം ബഹുനില കെട്ടിടം നിർമിക്കുന്നതു ജയിലിന്റെ സുരക്ഷാ വ്യവസ്ഥകൾക്കു വിരുദ്ധമാകുമെന്ന ആക്ഷേപവും മുൻനിർത്തി, മറ്റൊരു സ്ഥലം കണ്ടെത്താൻ ഹൈക്കോടതി നിർദേശിക്കുകയായിരുന്നു.

ഇതു പ്രകാരം, പദ്ധതിക്കു ജലവിഭവ വകുപ്പിന്റെ സ്ഥലം വിട്ടുകൊടുക്കാൻ സർക്കാർ ശുപാർശ ചെയ്തു. കഴിഞ്ഞ ദിവസം പാലക്കാട്ടു ചേർന്ന യോഗത്തിൽ ജില്ലാ ജ!ഡ്ജിയുടെ ചുമതല വഹിക്കുന്ന കെ.പി. തങ്കച്ചൻ, ഒറ്റപ്പാലം അഡീഷനൽ ജില്ലാ സെഷൻസ് ജഡ്ജി പി.സെയ്തലവി, കെ.പ്രേംകുമാർ എംഎൽഎ, ജില്ലാ കലക്ടർ ഡോ.എസ്.ചിത്ര, ഒറ്റപ്പാലം നഗരസഭാധ്യക്ഷ കെ.ജാനകീദേവി, ബാർ അസോസിയേഷൻ പ്രസിഡന്റ് പി.എൻ.ബാലഗോപാൽ തുടങ്ങിയവരും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.

## കൊടും ചൂട്: ആഴക്കടലിൽ മത്സ്യബന്ധനം പ്രതിസന്ധിയിൽ

**ബേപ്പൂർ:** വെള്ളത്തിനു കൊടുംചൂട് അനുഭവപ്പെടുന്നതിനാൽ ആഴക്കടൽ മത്സ്യബന്ധനം പ്രതിസന്ധിയിൽ. വെള്ളത്തിന്റെ താപനില ഉയർന്നതു കാരണം മത്സ്യക്കൂട്ടങ്ങൾ അപ്രത്യക്ഷമായതും കൊടും വെയിലിൽ വല വിരിച്ചെടുക്കൽ ശ്രമകരമായതുമാണ് മത്സ്യത്തൊഴിലാളികളെ വലയ്ക്കുന്നത്. കഴിഞ്ഞ ഒരു മാസമായി ബോട്ടുകാർക്ക് കാര്യമായൊന്നും കിട്ടുന്നില്ല. ദിവസങ്ങളോളം കടലിൽ തങ്ങിയിട്ടും ഇന്ധനച്ചെലവു പോലും തികയാതെ തിരിച്ചു പോരുന്ന സ്ഥിതിയാണ്. കടം കയറിയതോടെ പണിക്കു പോകുന്ന ബോട്ടുകളുടെ എണ്ണം കുറഞ്ഞു.